പട്ടികജാതി വികസന കോർപ്പറേഷൻ കരവാരം പഞ്ചായത്തിൽ ചെലവഴിച്ച തുക

1121. [1696] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ നിയോജക മണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

		രൂപ
(എ)	കൃഷിഭൂമി വായ്പാ പദ്ധതിപ്രകാരം	30,000
	വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതിപ്രകാരം	10,000
	മാർജിൻമണി പദ്ധതിപ്രകാരം	500
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	28,000
	ആകെ	68,500
(ബി)	കൃഷിഭൂമി വായ്പാ പദ്ധതിപ്രകാരം	2
	വിദേശത്ത് ജോലി സമ്പാദിക്കുന്ന വായ്പാ പദ്ധതിപ്രകാരം	1
	മാർജിൻമണി പദ്ധതിപ്രകാരം	2
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	7
	ആകെ	12

പട്ടികജാതി വികസന കോർപ്പറേഷൻ പുളിമാത്ത് പഞ്ചായത്തിൽ ചെലവഴിച്ച തുക

1122. (1697) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) അതിൻപ്രകാരം എത്രപേർക്ക് അതിന്റെ പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

		രൂപ
(എ)	മാർജിൻമണി പദ്ധതിപ്രകാരം	1,000
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	18,784
	ആകെ	19,784
(ബി)	മാർജിൻമണി പദ്ധതിപ്രകാരം	4
	ഭവന നിർമ്മാണ പദ്ധതിപ്രകാരം	8
	ആകെ	12

LIBRARY ARCHIVES Kerala Legislative Assembly